പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 150** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധികളും വെല്ലുവിളികളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. സി. അജയപ്രസാദ്

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** പരമ്പരാഗത ബിരുദ കോഴ്സുകൾക്ക് ഇന്നത്തെ ആഗോള തൊഴിൽ വിപണിയിൽ ആവശ്യക്കാരില്ലാതായി മാറുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. അതിനാൽ നാലു വർഷ ബിരുദ പ്രോഗ്രാമുകൾ സർവകലാശാലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ബഹു വിഷയ പഠനം, ക്രെഡിറ്റ് അടിസ്ഥാനത്തിലുള്ള ഇഷ്ടാനുസൃത കോഴ്സ് തിരഞ്ഞെടുപ്പ്, വിവിധ പ്രവേശന-പുറത്തുകടക്കൽ അവസരങ്ങൾ, 3 വർഷത്തെ ബിരുദം, 4 വർഷത്തെ ഓണേഴ്സ്, 4 വർഷത്തെ ഓണേഴ്സ് വിത്ത് റിസർച്ച് എന്നീ പഠനപാതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Academic Enhancement Course (AEC), Skill Enhancement Course (SEC), Value Added Course (VAC), Multidisciplinary Course (MDC), Internship/Apprenticeship തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ അക്കാദമിക പരിജ്ഞാനത്തോടൊപ്പം നൈപുണ്യവികസനത്തിനും പ്രായോഗിക പരിചയത്തിനും പ്രാധാന്യം നൽകിയിട്ടുണ്ട്.

**(ബി)** ആധുനിക സാങ്കേതിക മേഖലകൾക്ക് അനുയോജ്യമായ രീതിയിൽ കോഴ്സുകൾ പരിഷ്കരിക്കുവാൻ മുൻ സർക്കാർ നടപ്പിലാക്കിയ പരിപാടികൾ ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ അന്തർദേശീയ മുന്നേറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ട് വിദ്യാർത്ഥികളുടെ ഉപരിപഠനത്തോടൊപ്പം ഗവേഷണത്തിനും സംരംഭകത്വത്തിനും തൊഴിൽ നൈപുണ്യത്തിനും ഊന്നൽ നൽകിക്കൊണ്ടാണ് എപിജെ അബ്ദുൽ കലാം ശാസ്ത്ര സാങ്കേതിക സർവകലാശാല പാഠ്യപദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. 2024-25 അക്കാഡമിക് വർഷം ബിടെക്, ബി എച്ച് എം സി ടി, ബി ഡെസ് പ്രോഗ്രാമുകളുടെ പാഠ്യ പദ്ധതിയും സിലബസും പരിഷ്കരിച്ചു. ബി ആർക്ക് ഉൾപ്പെടെയുള്ള വിവിധ പ്രോഗ്രാമുകളുടെ പാഠ്യ പദ്ധതിയും സിലബസും പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇൻഡസ്ട്രിയിൽ നിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ, MOOC തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എല്ലാ വിദ്യാർത്ഥികൾക്കും നൈപുണ്യ ശേഷി വികസിപ്പിക്കുന്ന രീതിയിലുള്ള നൈപുണ്യ അധിഷ്ഠിത കോഴ്സുകളും ലബോറട്ടറി കോഴ്സുകളും

പ്രൊജെക്റ്റുകൾ തുടങ്ങിയവ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 8 ആഴ്ച മുതൽ 6 മാസങ്ങൾ വരെ നീണ്ടു നിൽക്കുന്ന ഷോർട്ട് ടെം, ലോങ് ടെം ഇന്റേൺഷിപ്പുകളും കൂടാതെ ഒരു വർഷം വരെ നീണ്ടു നിൽക്കുന്ന ഇന്റേൺഷിപ്പുകളും പരിഷ്കരിച്ച പാഠ്യ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ജോലി സാധ്യത മുൻ നിർത്തിയുള്ള സിലബസ്സ് പരിഷ്കരണം, നൈപുണ്യ പരിശീലനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. CIPET, Geojit, Synthite, CIASL മുതലായ ഇൻഡസ്ട്രികളുമായി ഒത്തുചേർന്ന് പ്രോഗ്രാമുകൾ, ഡ്യുയൽ മാസ്റ്റേഴ്സ് പ്രോഗ്രാമുകൾ എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ സാമ്പ്രദായിക ബിരുദ പ്രോഗ്രാമുകളെ പരിഷ്കരിച്ച രീതിയിൽ നടപ്പാക്കിയിട്ടുണ്ട്. Data Science & Artificial Intelligence, Management, Banking & Finance, Vocational Synthetic Biology എന്നിവയിലെ നൂതന കോഴ്സുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ സർക്കാർ / എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾക്ക് നൂതന കോഴ്സുകളായ Bsc Cyber Forensics, Bsc Computer Science with Specialisation in AI & Data Science, Msc Computer Science(Data Analytics), BA Econometrics & Data Management, Bsc Artificial Intelligence & Data Science, Bcom Fintech, Bsc Forensic Science തുടങ്ങിയവ അനുവദിച്ചിട്ടുണ്ട്.

**(സി)** പരീക്ഷാ നടത്തിപ്പ്, ഡിജിറ്റൽ സംവിധാനങ്ങളുടെ (ഉദാഹരണത്തിന് K-REAP പോലെയുള്ള സോഫ്റ്റ്‌വെയറുകൾ) പിഴവുകൾ, ഫലപ്രഖ്യാപനത്തിലെ കാലതാമസം എന്നിവ വിദ്യാർത്ഥികളുടെ ഉന്നതപഠന സാദ്ധ്യതകളെയും വിദേശ പഠന അവസരങ്ങളെയും പ്രതികൂലമായി ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ;

**മറുപടി:** K-REAP സംവിധാനത്തിലെ സാങ്കേതിക പിഴവുകളോ ഫല പ്രഖ്യാപനത്തിലെ കാലതാമസമോ മൂലം വിദ്യാർത്ഥികളുടെ ഉപരിപഠന/വിദേശ പഠന അവസരങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടില്ല. കെ-റീപ് മെച്ചപ്പെടുത്താനുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

**(ഡി)** ദേശീയ-ആഗോള തലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സർവകലാശാലകളിൽ നടക്കുന്ന ഗവേഷണങ്ങളുടെ ഗുണനിലവാരവും അത്യാധുനിക ലബോറട്ടറി സൗകര്യങ്ങളും ഇനിയും മെച്ചപ്പെടാനുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** ഗവേഷണ നിലവാരം നിരന്തരം മെച്ചപ്പെടുത്തേണ്ടുന്ന ഒന്നാണെന്ന് സർക്കാർ കരുതുന്നു. ഗവേഷണ മേഖല മെച്ചപ്പെടുത്തുന്നതിലേയ്ക്ക് നിർദ്ദേശങ്ങൾ നൽകാൻ കേരള ഹയർ എഡ്യുക്കേഷൻ കൗൺസിൽ നിയമിച്ച വിദഗ്ധ സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**